# Sixth Session of the India-Norway Joint Commission Meeting

October 13, 2020

## ഇന്ത്യ -നോർവേ ജോയിന്റ് കമ്മീഷൻ സമ്മേളനത്തിന്റെ ആറാമത് സെഷൻ

ഒക്ടോബർ 13, 2020

1. ഇന്ത്യ-നോർവേ സംയുക്ത കമ്മീഷന്റെ മീറ്റിങ് വിർച്ചൽ പ്ലാറ്റ് ഫോമിൽ 2020 ഒക്ടോബർ 13 നു നടന്നു. നോർവീജിയൻ വിഭാഗത്തെ നോർവെയുടെ വിദേശകാര്യമന്ത്രിയായ മിസ് ഇനെ എറിക്സൺ സൊറൈഡും ഇന്ത്യൻ വിഭാഗത്തെ ഇന്ത്യൻ വിദേശകാര്യമന്ത്രിയായ ഡോ.എസ്.ജയശങ്കറും നയിച്ചു.

2. ഇരു മന്ത്രിമാരും ഉഭയകക്ഷി ബന്ധങ്ങളെ സമഗ്രമായി വിലയിരുത്തുകയും ഗണ്യമായ പുരോഗതിയിൽ സംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തു.2019 ജനുവരിയിൽ പ്രധാനമന്ത്രിയായ എർനാ സോൽബെർഗ് നടത്തിയ ഇന്ത്യൻ സന്ദർശനം ഇന്ത്യയും നോർവെയും തമ്മിലുള്ള സമഗ്രമായ പങ്കാളിത്തത്തിന്അടിത്തറപാകിയെന്നും അവർ നിരീക്ഷിച്ചു.

3. കോവിഡ്-19 പകർച്ചവ്യാധി പൊട്ടിപുറപ്പെട്ടതിനെത്തുടർന്ന് ലോകത്തുടനീളമായുള്ള പല രാജ്യങ്ങളിലും പ്രധാനമായ പല പ്രതിസന്ധികളും നേരിടേണ്ടി വന്നതായും ഇവർ നിരീക്ഷിച്ചു. ഇത്തരമൊരു സാഹചര്യത്തിൽ, പകർച്ചവ്യാധിയെ എതിരിടാനായി അടുത്ത രീതിയിൽ സഹകരിക്കുന്നതിന് മാത്രിമാർ തങ്ങളുടെ പ്രതിബദ്ധത അറിയിച്ചു.ആഗോളതാരത്തിലുള്ള സൗകര്യമായ COVAX ന്റെ സ്ഥാപനത്തിനും വാക്സിനുകൾ ലോകത്തുടനീളം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളെയും ഇരു മന്ത്രിമാരും സ്വാഗതം ചെയ്തു.മാതൃ ശിശു സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങളിലെ ഉഭയകക്ഷി സഹകരണത്തിനും ഇരു രാജ്യങ്ങളും തങ്ങളുടെ പ്രതിബദ്ധത ഉറപ്പു വരുത്തി.

4. കോവിഡ്-19 പ്രതിസന്ധിയിൽ നിന്നും പുറത്തു വരുന്നത് കൂടുതൽ സ്ഥിരതയുള്ള സാമ്പത്തികാവസ്ഥ രൂപീകരിക്കുന്നതിനുള്ള അവസരങ്ങൾ പ്രദാനം ചെയ്യുന്നതാണെന്ന് മന്ത്രിമാർ അനുകൂലിച്ചു.

5. ഇന്ത്യയിലെ പ്രധാന പദ്ധതികളിൽ നോർവീജിയൻ കമ്പനികളുടെ വ്യവസായ സഹകരണത്തിനും പങ്കാളിത്തത്തിനും പ്രചോദനം നൽകുന്ന വ്യവസായ നിക്ഷേപ ചർച്ച (DTI) തൃപ്തികരമായിരുന്നുവെന്നി ഇരു

വിഭാഗങ്ങളും അറിയിച്ചു. 2020 ജനുവരിയിൽ ന്യൂഡൽഹിയിൽ വച്ച് നടന്ന DTI യുടെ ആദ്യ മീറ്റിംഗിൽ നാവികഗതാഗതം, മൽസ്യവ്യവസായം, വിനോദസഞ്ചാരം, വിഭവശേഷി വികസനം, മൈക്രോ , സ്മാൾ ആൻഡ് മീഡിയം സൈസ്ഡ് എന്റർപ്രൈസസ് (MSME) കൂടാതെ പുനരുപയോഗ ഊർജം എന്നീ മേഖലകൾ സഹകരണ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്തിരുന്നു.

6. വ്യവസായികവും സാമ്പത്തികവുമായ രംഗങ്ങളിലെ അറിയപ്പെടാത്ത സാധ്യതകൾ കണ്ടെത്തുന്നതി ഉഭയകക്ഷി ബന്ധങ്ങൾ വികസിപ്പിക്കുന്നതിനുള്ള തങ്ങളുടെ പ്രതിബദ്ധത ഇരു ഭാഗങ്ങളും ഉറപ്പു വരുത്തുകയുണ്ടായി.ഇന്ത്യയും EFTA യും തമ്മിലുള്ള വ്യവസായ ചർച്ചകൾ എത്രയും പെട്ടന്ന് തീരുമാനത്തിലെത്തിക്കുന്നതിന് ഇരു മന്ത്രിമാരും പ്രതീക്ഷ പുലർത്തി.

7. ഓഷ്യൻ ഡയലോഗ്, ഇന്ത്യയും നോർവെയും തമ്മിൽ മൽസ്യബന്ധനം, കാർഷിക മേഖല, നാവിക മേഖലയ്ക്കായുള്ള ഗ്രീൻ ടെക്നോളജി, കപ്പൽ നിർമാണം, കപ്പലുകളുടെ പുനരുപയോഗം കൂടാതെ ഗ്രീൻ പോർട്ടുകൾ എന്നീ മേഖലകളിലെ സുസ്ഥിരമായ വികസനം ലക്ഷ്യമിട്ടുകൊണ്ട് ബ്ലൂ എക്കോണമിയുടെ ടാസ്ക് ഫോഴ്സ് ഏറ്റെടുത്ത വിവിധ സംരംഭങ്ങൾ എന്നിവയിലെ പുരോഗതിയും ഇരു വിഭാഗങ്ങളും സംതൃപ്തിയോടെയാണ് നിരീക്ഷിച്ചത്.സമുദ്ര മലിനീകരണം, ഓഷ്യൻ മാനേജ്മെന്റ് ,ഗവേഷണം എന്നിവയുടെ ഏകോപനം, കൂടാതെ മറൈൻ സ്പേഷ്യൽ പ്ലാനിങ് എന്നി മേഖലകളിൽ സംയുക്തമായി സ്വീകരിച്ച നടപടികളും ഇരു വിഭാഗങ്ങളും ചൂണ്ടികാണിച്ചു. സമുദ്രങ്ങൾ പരിരക്ഷിക്കുന്നതിനും അതെ സമയം തന്നെ സുസ്ഥിരമായ വളര്ച്ചയും തൊഴിൽ സാധ്യതയും ഉറപ്പാക്കുന്നതിന് ബ്ലൂ എക്കോണമിയ്ക്ക് സാധ്യമായ സഹകരണം മന്ത്രിമാർ അടിവരയിട്ടു പറഞ്ഞു.

8. നാവികമേഖല, നാവിക സുരക്ഷാ, ഹൈഡ്രോകാർബണുകൾ, പരിസ്ഥിതി, ശാസ്ത്രവും ശക്തികതയും കൂടാതെ ഉന്നത വിദ്യാഭ്യാസം എന്ന മേഖലകളിൽ ജോയിന്റ് വർക്കിങ് ഗ്രൂപ്പുകൾ (JWG) ഏറ്റെടുത്ത പ്രവർത്തങ്ങൾ ഇരു ഭാഗങ്ങളും ശ്രദ്ധിച്ചു.
ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണത്തിന്, പ്രത്യേകിച്ചും സുസ്ഥിരമായ വികസന ലക്ഷ്യങ്ങൾ, സമഗ്രമായ കാലാവസ്ഥ വ്യതിയാനം, പരിസ്ഥിഅനുകൂലമായ സമ്പദ്വ്യവസ്ഥയിലേക്കുള്ള പുരോഗതി എന്നിവയിൽ പ്രചോദനവും നിർദേശങ്ങളും നൽകുന്നതിൽ JWG കളുടെ പ്രാധാന്യം ഇരു മന്ത്രിമാരും അടിവരയിട്ടു പറഞ്ഞു.

9. ആഗോള തലത്തിൽ സമാധാനവും സുരക്ഷയും കാത്തു സൂക്ഷിക്കുന്നതിൽ ഐക്യരാഷ്ട്ര സഭയ്ക്കുള്ള പ്രധാന പങ്ക് ഇരു മന്ത്രിമാരും എടുത്തു പറഞ്ഞു. എപ്പോൾ ഇന്ത്യയും നോർവെയും ഐക്യരാഷ്ട്ര സഭ്യയുടെ സുരക്ഷാ കൗൺസിലിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ആയതിനാൽ, അംഗത്വ കാലാവധിയായ 2021 -22 ൽ ,സുരക്ഷ കൗൺസിൽ പ്രശ്നങ്ങളിൽ ഉന്നത ഉദ്യോഗസ്ഥ തലത്തിലുള്ള സ്ഥിരമായ പര്യാലോചനകൾ നടത്തുന്നതിനോട് ഇരു വിഭാഗവും അനുകൂലിച്ചു.

10. താല്പര്യമുള്ള പ്രാദേശികം , ബഹുരാഷ്ട്രവും അന്ത്രദേശീയവുമായ വിഷയങ്ങളിലുള്ള കാഴ്ചപ്പാടുകൾ ഇരു വിഭാഗങ്ങളും പങ്കു വച്ചു.

11. പരസ്പരം സൗകര്യപ്രദമാകുന്ന ഒരു തീയതിയിൽ അടുത്ത ഘട്ട ജോയിന്റ് കമ്മിഷൻ സമ്മേളനം നടത്തുന്നതും ഇരു വിഭാഗങ്ങളും തീരുമാനിച്ചു.

**ന്യൂ ഡൽഹി**
**13 ഒക്ടോബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.